# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1986 — 05.12.2018-ൽ മറുപടിക്ക്

## പി.എസ്.സി. നിയമന യോഗ്യതയിൽ മാറ്റം

**ചോദ്യം**

**ശ്രീ. മുഹമ്മദ് മുഹസിൻ പി.**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. ഒരു തസ്തികയിൽ നിയമനത്തിനു അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തിയതിനു ശേഷം നിയമന യോഗ്യതയിൽ മാറ്റം വരുത്തുന്നതിനു സാധിക്കുമോ;എങ്കിൽ ഏതൊക്കെ സാഹചര്യങ്ങളിൽ എന്നും വ്യക്തമാക്കുമോ? | (എ) | ഒരു തസ്തികയുടെ തെരഞ്ഞെടുപ്പിലേക്കായി പി.എസ്.സി അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തിയതിനു ശേഷം യോഗ്യതയിൽ മാറ്റം വരുത്തുന്നതിനു സാധിക്കും. നിയമസഭാ സമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലോ, കോടതികളുടെ ഉത്തരവുകൾ പ്രകാരമോ, സർക്കാരിന് യോഗ്യതകളിൽ മാറ്റം വരുത്തുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യമാകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ തസ്തികകളുടെ യോഗ്യതകളിൽ സർക്കാർ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പി.എസ്.സി അപേക്ഷ ക്ഷണിച്ചതിനു ശേഷം ഒരു തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിയാൽ ആ ഉത്തരവിനു മുൻപ് ഉണ്ടായ ഒഴിവുകൾ പഴയ യോഗ്യതയുടെ അടിസ്ഥാനത്തിലും, അതിനു ശേഷം അറിയിക്കുന്ന ഒഴിവുകൾ പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിലും പുതിയ വിജ്ഞാപനം ക്ഷണിച്ച് പരീക്ഷ നടത്തി നിയമനം നടത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ